# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

***പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-*** 686560

***ഫോൺ:*** 0481-2733370


## വാർത്താക്കുറിപ്പ്

**2025 ഓഗസ്റ്റ് 23**

---

- **ട്രാൻസ്ജെൻഡർ വിദ്യാർഥികൾക്കായുള്ള സംസ്ഥാനത്തെ ആദ്യത്തെ സർവകലാശാലാ ഹോസ്റ്റൽ**
- **നിള ഹോസ്റ്റലിന്റെ മുകൾ നിലയിൽ 80 വിദ്യാർഥികൾക്ക് താമസ സൗകര്യം**
- **34.9 കോടി രൂപയുടെ ഇന്റർനാഷണൽ സ്റ്റുഡന്റ്സ് ഹോസ്റ്റലിന്റെ നിർമ്മാണത്തിന് തുടക്കമിടും**

# എം.ജി സർവകലാശാലയിൽ പുതിയ ഹോസ്റ്റലുകൾ; മന്ത്രിമാരായ ആർ. ബിന്ദുവും വി.എൻ. വാസവനും ഉദ്ഘാടനം ചെയ്യും

*മഹാത്മാ ഗാന്ധി സർവകലാശാലാ കാമ്പസിൽ പുതിയതായി നിർമിച്ച ഹോസ്റ്റലുകളുടെ ഉദ്ഘാടനവും ഇന്റർനാഷണൽ സ്റ്റുഡന്റ്സ് ഹോസ്റ്റലിന്റെ നിർമ്മാണോദ്ഘാടനവും നാളെ(ഓഗസ്റ്റ് 25) നടക്കും. ഉച്ചകഴിഞ്ഞ് 2.30ന് സർവകലാശാലാ അസംബ്ലി ഹാളിൽ ഉന്നത വിദ്യാഭ്യാസ മന്ത്രി ഡോ. ആർ. ബിന്ദു ഉദ്ഘാടനം ചെയ്യുന്ന ചടങ്ങിൽ സഹകരണ, ദേവസ്വം, തുറമുഖ വകുപ്പ് മന്ത്രി വി.എൻ. വാസവൻ അധ്യക്ഷത വഹിക്കും. ഫ്രാൻസിസ് ജോർജ് എംപി മുഖ്യപ്രഭാഷണം നടത്തും.*

*സംസ്ഥാനത്ത് ആദ്യമായി ട്രാൻസ് ജെൻഡർ വിദ്യാർഥികൾക്കായി നിർമ്മിച്ച സർവകലാശാലാ ഹോസ്റ്റലിന്റെ ഉദ്ഘാടനവും 34.9 കോടി രൂപ ചെലവിടുന്ന ഇന്റർനാഷണൽ സ്റ്റുഡന്റ്സ് ഹോസ്റ്റലിന്റെ നിർമ്മാണോദ്ഘാടനവും ഉന്നത വിദ്യാഭ്യാസ മന്ത്രി നിർവഹിക്കും. നിലവിലുള്ള നിള സ്ററുഡന്റ്സ് ഹോസ്ററലിന്റെ മുകൾ നിലയിൽ 80 വിദ്യാർഥികൾക്ക് താമസിക്കുന്നതിനുള്ള സൗകര്യങ്ങളോടെ സജ്ജീകരിച്ച എക്സ്ററൻഷൻ ബ്ലോക്ക് മന്ത്രി വി.എൻ വാസവൻ ഉദ്ഘാടനം ചെയ്യും.*

*വൈസ് ചാൻസലർ ഡോ. സി.ടി, അരവിന്ദകുമാർ, സിൻഡിക്കേറ്റ് അംഗം അഡ്വ. റെജി സഖറിയ, രജിസ്ട്രാർ ഡോ. ബിസ്മി ഗോപാലകൃഷ്ണൻ, ഡിപ്പാർട്ട്മെന്റ് സ്റ്റുഡന്റ്സ് യൂണിയൻ ചെയർ പേഴ്സൺ വി.ടി. വിനയ എന്നിവർ സംസാരിക്കും.*

*അതിരമ്പുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജോസ് ജോസഫ് അമ്പലക്കുളം, ജില്ലാ പഞ്ചായത്തംഗം ഡോ. റോസമ്മ സോണി, ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്തംഗം ജെയിംസ് കുര്യൻ, അതിരമ്പുഴ ഗ്രാമപഞ്ചായത്തംഗം ജോഷി ഇലഞ്ഞിയിൽ എന്നിവർ പങ്കെടുക്കും.*

*സംസ്ഥാന സർക്കാരിന്റെ 2024-2025 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 57 ലക്ഷം രൂപ ചെലവഴിച്ചാണ് നിള ഹോസ്റ്റലിന്റെ മുകൾ നിലയിൽ എക്സ്റ്റൻഷൻ ബ്ലോക്ക് ഒരുക്കിയത്. 13.67 ലക്ഷം രൂപ ചെലവിട്ടാണ് ട്രാൻസ് ജെൻഡർ വിദ്യാർഥികൾക്കായി ഹോസ്റ്റൽ സജ്ജീകരിച്ചത്.*

*വിദേശ രാജ്യങ്ങളിൽനിന്നുള്ള വിദ്യാർഥികൾക്കും സർവകലാശാലയിലെ മറ്റു വിദ്യാർഥികൾക്കും താമസിക്കുന്നതിനായി കിഫ്ബിയിൽനിന്നും അനുവദിച്ച തുക വിനിയോഗിച്ചാണ് ഇന്റർനാഷണൽ സ്റ്റുഡന്റ്സ് ഹോസ്റ്റൽ മന്ദിരം നിർമ്മിക്കുന്നത്. അടുത്ത വർഷം മാർച്ചിൽ നിർമ്മാണം പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.*

*(പി.ആർ.ഒ/39/1973/2025)*

## പരീക്ഷാ തീയതി

*രണ്ടാം വർഷ എംഎസ്സി മെഡിക്കൽ മൈക്രോബയോളജി(2023 അഡ്മിഷൻ റഗുലർ, 2021,2022 അഡ്മിഷനുകൾ സപ്ലിമെന്ററി, 2020 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2019 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2018 അഡ്മിഷൻ അവസാന മെഴ്സി ചാൻസ്) പരീക്ഷ സെപ്റ്റംബർ 22 മുതൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.*

............................

*നാലാം സെമസ്റ്റർ എംഎസ്സി മെഡിക്കൽ ബയോകെമിസ്ട്രി(2023 അഡ്മിഷൻ റഗുലർ, 2019 മുതൽ 2022 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി, 2018 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2016, 2017 അഡ്മിഷനുകൾ രണ്ടാം മെഴ്സി ചാൻസ്) പരീക്ഷകൾ സെപ്റ്റംബർ 19 മുതൽ നടക്കും.*

*(പി.ആർ.ഒ/39/1974/2025)*

## പരീക്ഷാ ഫലം

*ഒന്നാം സെമസ്റ്റർ ത്രിവത്സര ഏകീകൃത എൽഎൽബി(2024 അഡ്മിഷൻ റഗുലർ, 2019 മുതൽ 2023 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി, 2018 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ് മാർച്ച് 2025) ത്രിവത്സര എൽഎൽബി 2017 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2015, 2016 അഡ്മിഷനുകൾ അവസാന മെഴ്സി ചാൻസ് മാർച്ച് 2025) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും*

*സൂക്ഷ്മ പരിശോധനയ്ക്കും സെപ്തംബർ എട്ടുവരെ ഓൺലൈനിൽ അപേക്ഷിക്കാം.*

*(പി.ആർ.ഒ/39/1975/2025)*

## അപേക്ഷ ക്ഷണിച്ചു

*മഹാത്മാഗാന്ധി സർവകലാശാലയിലെ ഡയറക്ടറേറ്റ് ഫോർ അപ്ലൈഡ് ഷോർട്ട് -ടേം പ്രോഗ്രാംസ് (ഡാസ്പ്) നടത്തുന്ന ഹ്രസ്വകാല തൊഴിലധിഷ്ഠിത ഫുൾ ടൈം പ്രോഗ്രാമായ*

*പിജി ഡിപ്ലോമ ഇൻ ഡാറ്റാ ആന്റ് ബിസിനസ് അനലിറ്റിക്സ്) പാർട്ട് ടൈം പ്രോഗ്രാമുകളായ സർട്ടിഫിക്കറ്റ് ഇൻ ബിസിനസ് ഡാറ്റ അനാലിസിസ് യൂസിംഗ് ടാലി ഇആർപി ആന്റ് എംഎസ് എക്സൽ, ഡിപ്ലോമ ഇൻ കമ്പ്യൂട്ടറൈസ്ഡ് ഫിനാൻഷ്യൽ അക്കൗണ്ടിംഗ് എന്നിവയിലെ ഒഴിവുകളിലേക്ക് ഇപ്പോൾ അപേക്ഷിക്കാം.*

*ഫോൺ- 8078786798, 0481 2733292. ഇമെയിൽ :* dasp@mgu.ac.in. *വെബ്സൈറ്റ് -* dasp.mgu.ac.in

*(പി.ആർ.ഒ/39/1976/2025)*

**പബ്ലിക് റിലേഷൻസ് ഓഫീസർ**